നം. എ5/3788/13

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി: 11.03.2013

# സർക്കുലർ

വിഷയം: പൊ.വി. -ജീവനക്കാര്യം അനദ്ധ്യാപക ജീവനക്കാരുടെ 2013- 14 വർഷത്തെ പൊതു സ്ഥലം മാറ്റം- നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.02.2013 ലെ സി3/6028/2012/ ഡി.പി.ഐ. നമ്പർ സർക്കുലർ.

********

പൊതുവിദ്യാഭ്യാസ ഡയറക്ടർ സൂചന പ്രകാരം പുറത്തിറക്കിയ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം തിരുവനന്തപുരം ജില്ലയിലെ വിദ്യാഭ്യാസ ആഫീസുകളിലും, വിദ്യാലയങ്ങളിലും ജോലി നോക്കുന്ന അനദ്ധ്യാപക ജീവനക്കാരുടെ 2013- 14 വർഷത്തെ സ്ഥലം മാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ മേലധികാരികൾ മുഖാന്തിരം 31.03.2013 ന് മുമ്പായി വിദ്യാഭ്യാസ ഉപഡയറക്ടറാഫീസിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലയിലെ വിവിധ ആഫീസുകളിലും, വിദ്യാലയങ്ങളിലും ജോലി ചെയ്യുന്ന ജീവനക്കാരിൽ 01.01.2013 ൽ ഒരു സ്ഥാപനത്തിൽ തുടർച്ചയായി അഞ്ചുവർഷം പൂർത്തിയാക്കിയ ക്ലാർക്കുമാരെയും, ടൈപ്പിസ്റ്റുമാരെയും സ്ഥലംമാറ്റി നിയമിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ ഓരോ സ്ഥാപനത്തിലും 01.01.2013 ൽ അഞ്ചുവർഷം പൂർത്തിയാക്കിയ ജീവനക്കാർ ഉൾപ്പെടെയുള്ള അനദ്ധ്യാപകരുടെ വിശദ വിവരം ഇതോടൊപ്പമുള്ള മാതൃകാഫോറത്തിൽ കാറ്റഗറി തിരിച്ച് സമർപ്പിക്കേണ്ടതാണ്. വിവരം നൽകാതിരിക്കുകയോ, തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്യാൻ പാടില്ല. ആയത് ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഓരോ ആഫീസിലും ഒരു സെക്ഷനിൽ മൂന്ന് വർഷം സേവനകാലം പൂർത്തിയാക്കിയ ക്ലാർക്കുമാരെ അടിയന്തിരമായി മാറ്റി നിയമിക്കുകയും വിവരം ഈ ആഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

പകർപ്പ്:

1) എല്ലാ ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ

2) ചീഫ് ഇൻസ്ട്രക്ടർ, ആർ. ഐ.എൽ.റ്റി.

3) പ്രിൻസിപ്പാൾ, ഡയറ്റ്, ആറ്റിങ്ങൽ.

4) എല്ലാ ഹൈസ്ക്കൂൾ പ്രഥമാദ്ധ്യാപകർക്കും

5) സ്റ്റോക്ക് ഫയൽ.

(സർക്കുലറിന്റെ പകർപ്പ് അവരവരുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലും ലഭിച്ചു എന്ന കാര്യം എല്ലാ ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.)

കെഎസ്/12.3.13

# PROFORMA

## STAFF STATEMENT OF CLERKS/TYPIST/OFFICE ATTENDANT/FTCM ETC, AS ON 01.01.2013

NAME OF OFFICE/SCHOOL

| Sl.No. | Category | No. Sanctioned Post | No. Vacancy | Name of Employee | Date of Birth | Date of Commencement Contiunous Service | Date from which working in the Present Station | Remarks |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

Place

Date:

Name of Designation of the
Controlling Officer